**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ചെമ്പ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എം. മുരളീധരനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3253/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 09.10.2017

===================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.02.2015-ലെ ഇ 5(എസ് സി 21/14/ഇആർകെ)9328/2014 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 18.03.2015-ലെ 1674/ഡി3/2015/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 09.11.2015-ലെ 172/ഇപിബി2//2015/തസ്വഭവ നമ്പർ കുറ്റപത്രം
4. സർക്കാരിന്റെ 15.03.2016-ലെ 172/ഇപിബി2//2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീ. കെ.എം. മുരളീധരൻ സമർപ്പിച്ച എതിർവാദ പത്രിക
6. പഞ്ചായത്ത് ഡയറക്ടറുടെ 25.08.2016-ലെ ഡി5-38703/2015 നമ്പർ കത്ത്
7. സർക്കാരിന്റെ 11.01.2017-ലെ 172/ഇപിബി2//2015/തസ്വഭവ നമ്പർ കത്ത്
8. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 22.7.2017-ലെ A1(2) 894/17/GW നമ്പർ കത്ത്

**ഉത്തരവ്**

ചെമ്പ് ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി എന്ന നിലയിൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തി എന്ന ആരോപണത്തിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരുന്നു. ടി പരിശോധനയിൽ സർക്കാരിന്റെ അനുമതിയോ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമോ ഇല്ലാതെ സോഷ്യോ എക്കണോമിക് സർവ്വേ പ്രിന്റ് ചെയ്ത വകയിലേയ്ക്ക് ഒരു സ്വകാര്യ പ്രസ്സിന് 48,388/- രൂപ നല്കി, പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്ന സ്വകാര്യ കെട്ടിടത്തിൽ ഡി.പി.സി.യുടെ അനുമതിയില്ലാതെ ക്യാബിനുകൾ പണിതു എന്നീ വീഴ്ചകൾ കണ്ടെത്തുകയും തുടർന്ന് ആയതിനുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ.എം. മുരളീധരനെതിരെ വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ.എം. മുരളീധരന് പരാമർശം (3) പ്രകാരം കുറ്റപത്രം നല്കിയെങ്കിലും ടിയാൻ സേവനത്തിൽനിന്ന് വിരമിച്ചിരുന്നതിനാൽ ടി കുറ്റപത്രം പിൻവലിച്ച് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ പരാമർശം (5) പ്രകാരം എതിർവാദ പത്രിക സമർപ്പിച്ചു. സെൻസസ് റിപ്പോർട്ട് പ്രിന്റ് ചെയ്തത് ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരമാണെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം തനത് ഫണ്ടിൽനിന്നാണ് തുക ചെലവഴിച്ചതെന്നും ടിയാൻ വ്യക്തമാക്കിയിട്ടുണ്ട്. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടിയാണ് സ്വകാര്യ കെട്ടിടത്തിൽ ക്യാബിൻ നിർമ്മിച്ചതെന്നും ടി നിർമ്മാണത്തിന് ചെലവഴിച്ച തുക ഗുണഭോക്തൃ സമിതിക്ക് നല്കിയിട്ടില്ലെന്നും ടി കെട്ടിടത്തിൽ പഞ്ചായത്തോഫീസ് പ്രവർത്തനം അവസാനിപ്പിക്കുമ്പോൾ ടി നിർമ്മിതികൾ പഞ്ചായത്ത് എടുക്കുന്നതാണെന്ന് എഗ്രിമെന്റ് വച്ചിട്ടുള്ളതാണെന്നും അതിനാൽ തന്നെ ശിക്ഷാനടപടികളിൽ നിന്ന് ഒഴിവാക്കണമെന്നും ടിയാൻ എതിർവാദപത്രികയിൽ ബോധിപ്പിക്കുകയുണ്ടായി. ശ്രീ. മുരളീധരൻ സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ചെമ്പ് ഗ്രാമപഞ്ചായത്തിലെ സെൻസസ് റിപ്പോർട്ട് പ്രിന്റ് ചെയ്ത വകയിൽ A One Copy Centre എന്ന സ്വകാര്യ സ്ഥാപനത്തിന് 48,388/- രൂപ നല്കിയിട്ടുള്ളതായി കാണുന്നുവെങ്കിലും ഇതുമായി ബന്ധപ്പെട്ട ഫയലുകളോ ബില്ലുകളോ പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ലെന്നും ബില്ലില്ലാതെയാണ് തുക എഴുതി എടുത്തിട്ടുള്ളതെന്നും പഞ്ചായത്തുമായി എഗ്രിമെന്റ് വച്ച പ്രസ്തുകാരനെ ഒഴിവാക്കിയാണ് സെക്രട്ടറി മറ്റൊരു സ്ഥാപനത്തിന് തുക നല്കിയതെന്നും ഇക്കാര്യത്തിൽ സെക്രട്ടറി എന്ന നിലയിൽ ശ്രീ.കെ. മുരളീധരന്റെ ഭാഗത്ത് ഗുരുതര വീഴ്ച ഉണ്ടായിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കാര്യാലയം വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരവേ ടി കെട്ടിടത്തിൽ ക്യാബിൻ നിർമ്മിക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം തനതു ഫണ്ടിൽനിന്ന് ഒരു ലക്ഷം രൂപ വകയിരുത്തി 2014-15 വർഷത്തെ മാറ്റ പ്രോജക്ടായി ജില്ലാ ആസൂത്രണ സമിതി മുമ്പാകെ സമർപ്പിച്ചുവെങ്കിലും സ്വകാര്യ കെട്ടിടത്തിലെ നിർമ്മിതി ആയതിനാൽ ഡി.പി.സി. അനുമതി നല്കിയില്ലെന്നും ഡി.പി.സി അനുമതി നിഷേധിച്ച പദ്ധതി സെക്രട്ടറിയും കെട്ടിട ഉടമയും സ്വകാര്യ കരാറുകാരനെ കൊണ്ട് ചെയ്യിച്ചുവെന്നും ടി പ്രവൃത്തിക്ക് നാളിതുവരെ പഞ്ചായത്തിൽനിന്നും തുക ചെലവഴിച്ചിട്ടില്ലെന്നും കരാറുകാരന്റെ പരാതിയെത്തുടർന്ന് ലീഗൽ സർവ്വീസ് സൊസൈറ്റിയുടെ നിർദ്ദേശാനുസരണം എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തിയ വാല്യുവേഷനിൽ ഒരു ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ടെന്നും ഈ വിഷയത്തിൽ സെക്രട്ടറിയുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്നും പഞ്ചായത്ത് ഡറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. കെ.എം. മുരളീധരൻ സമർപ്പിച്ച എതിർവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പഞ്ചായത്തുമായി എഗ്രിമെന്റ് വച്ച പ്രസ്തുകാരനെ ഒഴിവാക്കിയാണ് സെക്രട്ടറി മറ്റൊരു സ്ഥാപനത്തിന് തുക നൽകുകയും, ഡി.പി.സി അനുമതി നിഷേധിച്ച പദ്ധതി സ്വകാര്യ കരാറുകാരനെ കൊണ്ട് ചെയ്യിപ്പിക്കുകയും ചെയ്തതുവഴി ഈ വിഷയത്തിൽ ടിയാന്റെ ഭാഗത്തു നിന്നും ഗുരുതര വീഴ്ച ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ചെമ്പ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എം. മുരളീധരന്റെ പ്രതിമാസ പെൻഷനിൽനിന്ന് 200/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറവ് വരുത്തുവാൻ താല്കാലിക തീരുമാനമെടുത്ത് പരാമർശം (7) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടുകയും കമ്മീഷൻ പരാമർശം (8) പ്രകാരം സർക്കാരിന്റെ ടി തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിനാൽ ശ്രീ. കെ.എം. മുരളീധരന്റെ പ്രതിമാസ പെൻഷനിൽനിന്ന് 200/- രൂപ വീതം 2 വർഷത്തേയ്ക്ക് കുറയ്ക്കുക എന്ന താല്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. കെ.എം. മുരളീധരൻ, മുൻ സെക്രട്ടറി, ചെമ്പ് ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/172/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ